"ഭരണഭാഷ - മാതൃഭാഷ"

**വിവരാവകാശം മറുപടി**

നമ്പർ:F4-10255/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 27.01.2017.
Email: swdkerala@gmail.com
Phone: 0471-2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീമതി. മുക്ത. കെ.എൻ
കോയിക്കലത്ത്,
മാന്നൂർകുളങ്ങര. പി.ഒ.,
ആലുംകടവ്, കരുനാഗപ്പള്ളി,
കൊല്ലം - 690 598.

മാഡം,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം - ട്രാൻസ്ജെന്റർമാരുടെ വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന: 13.01.2017 ലെ 1128524/B3/17/സാ.നീ.വ. നമ്പർ കത്ത്.

സൂചന കത്തിലൂടെ ലഭിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം. 1: സാമൂഹ്യ സുരക്ഷാ മിഷൻ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്തെ ട്രാൻസ്ജെന്റർമാരുടെ കണക്ക് ശേഖരിച്ചിരുന്നു. ഇതിൻപ്രകാരം 1187 ട്രാൻസ്ജെന്റർമാരാണ് ഉള്ളത്.

ചോദ്യം. 2: ട്രാൻസ്ജെന്റർമാരായ 7- ാം ക്ലാസ് മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്.

**I.** സ.ഉ.(സാധാ)നം. 493/2015/സാ.നീ.വ. തീയതി. 03.08.2015 പ്രകാരം

| | | | <u>പ്രതിമാസം അനുവദിക്കുന്ന തുക</u> |
|---|---|---|---|
| 1. | 7 -ാം ക്ലാസ്സ് മുതൽ 10- ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് | 10 മാസത്തേക്ക് | 1,000/- (1000x10=10,000) |
| 2. | +1 മുതൽ +2 വരെ | 10 മാസത്തേക്ക് | 1,500/- (1500x10=15,000) |
| 3. | ഡിപ്ലോമ, ഡിഗ്രി പ്രൊഫഷണൽ കോഴ്സുകൾക്ക് | 10 മാസത്തേക്ക് | 2,000/- (2000x10=20,000) |

PL

II. സംസ്ഥാനത്തെ ട്രാൻസ്ജെന്റർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്.

ചോദ്യം. 3: അതാത് ജില്ലകളിൽ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷനുമായി (CBO) ബന്ധപ്പെട്ടാണ് രജിസ്ട്രേഷൻ നടത്തി വരുന്നത്. CBO സിന്റെ നിർദ്ദേശപ്രകാരം ആവശ്യമായ രേഖകൾ നൽകേണ്ടതാണ്.

ചോദ്യം. 4: ട്രാൻസ്ജെന്റർ ആണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകുന്നതാണ്.

ചോദ്യം. 5: കൊല്ലം ജില്ലയിലെ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ Love Land Arts Society (Kottappurath Apartment, Vellaithambalam. P.O., Kollam) ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ചോദ്യം. 6: കൊല്ലം ജില്ലയിൽ സെൻസസ് സർവ്വേ പ്രകാരം 128 ട്രാൻസ്ജെന്റർമാർ ഉണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള മറുപടി തൃപ്തികരമല്ലെന്ന് കാണുന്നപക്ഷം ചുവടെ പരാമർശിക്കുന്ന അപ്പീൽ അധികാരിയ്ക്ക് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ അധികാരിയുടെ പേര് ചുവടെ ചേർക്കുന്നു.

**അപ്പീൽ അധികാരി**

**കെ.കെ. സുരേന്ദ്രകുമാർ**
**അഡീഷണൽ ഡയറക്ടർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**അഞ്ചാം നില, വികാസ് ഭവൻ,**
**തിരുവനന്തപുരം.**
**ഫോൺ : 0417-2302851**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**

PL